**Malayala Manorama**

**18 August 2018**

**Thodupuzha, Idukki Dam, Water Level**

# ഇടുക്കിയിൽ ജലനിരപ്പ് മെല്ലെ താഴേക്ക്

## വ്യാഴാഴ്ച 2402 അടി, ഇന്നലെ 2401

**മനോരമ ലേഖകൻ**

തൊടുപുഴ ● ഇടുക്കി അണക്കെട്ടിലെ ജലനിരപ്പ് മെല്ലെ താഴുന്നു.

വ്യാഴം രാത്രി എട്ടിന് ജലനിരപ്പ് 2402.2 അടിയായിരുന്നു. ഇന്നലെ വൈകിട്ട് അഞ്ചിന് ഇത് 2401.76 അടിയായി താഴ്ന്നു. 2403 അടിയാണ് അണക്കെട്ടിന്റെ പരമാവധി സംഭരണശേഷി. ഇന്നലെ രാവിലെ മഴ കുറഞ്ഞെങ്കിലും ഉച്ചയോടെ കനത്തു. ഇങ്ങനെ മഴ തുടർന്നാൽ അണക്കെട്ടിലെ ജലനിരപ്പ് വീണ്ടും ഉയരുമോയെന്ന ആശങ്കയുണ്ട്.

സെക്കൻഡിൽ 1.326 ലക്ഷം ലീറ്റർ വെള്ളമാണ് അണക്കെട്ടിലേക്ക് ഒഴുകിയെത്തുന്നത്. ചെറുതോണി അണക്കെട്ടിന്റെ അഞ്ച് ഷട്ടറുകളിലൂടെ 1.17 ലക്ഷം ലീറ്റർ വെള്ളം പുറത്തേക്കൊഴുകുന്നു. ഇപ്പോഴത്തെ സ്ഥിതിയിൽ കൂടുതൽ വെള്ളം തുറന്നുവിടേണ്ടതില്ലെന്ന് കെഎസ്ഇബി തീരുമാനിച്ചു.